# കേരള സർവകലാശാല

നം.പി.ആർ.64/2019 ഫോൺ: 2305738
9446173605

## പത്രക്കുറിപ്പ്

### ടൈംടേബിൾ

2019 മേയിൽ നടക്കുന്ന റെഗുലർ ബി.ടെക് മൂന്നാം സെമസ്റ്റർ കോഴ്സ് കോഡിൽ വരുന്ന ഒന്ന്, രണ്ട്, മൂന്ന് സെമസ്റ്റർ ബി.ടെക് പാർട്ട് – ടൈം റീസ്ട്രക്ച്ചേർഡ് (2013 സ്കീം) പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ.

### വൈവാ വോസി

2019 ഫെബ്രുവരിയിൽ നടത്തിയ എം.കോം പ്രൈവറ്റ് രജിസ്ട്രേഷൻ (2016 അഡ്മിഷൻ) പരീക്ഷയുടെ വൈവാ വോസി ഗവ.ആർട്സ് കോളേജ് തിരുവനന്തപുരം, ഗവ.കോളേജ് ആറ്റിങ്ങൽ, എസ്.എൻ കോളേജ് കൊല്ലം, എം.എസ്.എം കോളേജ് കായംകുളം എന്നീ പരീക്ഷാകേന്ദ്രങ്ങളിൽ പരീക്ഷ എഴുതിയ വിദ്യാർത്ഥികൾക്ക് ഏപ്രിൽ 1 നും ഗവ.വിമൻസ് കോളേജ് വഴുതയ്ക്കാട് പരീക്ഷ എഴുതിയ വിദ്യാർത്ഥികൾക്ക് ഏപ്രിൽ 2 നും രാവിലെ 9.30 മുതൽ പാളയത്തുള്ള വിദൂര വിദ്യാഭ്യാസ പഠനകേന്ദ്രത്തിൽ (SDE) വെച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ. കൂടുതൽവിവരങ്ങൾക്ക്: 0471 2386442

### പുതുക്കിയ പരീക്ഷാതീയതി

2019 മാർച്ച് 25, 27, 28 തീയതികളിൽ നടത്താനിരുന്ന ഒന്നാം സെമസ്റ്റർ എം.ടെക് (FT/PT –2008 സ്കീം – അഡീഷണൽ/മേഴ്സി ചാൻസ്) ഡിഗ്രി പരീക്ഷയും, മൂന്നാം സെമസ്റ്റർ എം.ടെക് (PT – 2008 സ്കീം – അഡീഷണൽ/മേഴ്സി ചാൻസ്) ഡിഗ്രി പരീക്ഷയും മാർച്ച് 25, 27, 29 തീയതികളിൽ നടത്താനിരുന്ന അഞ്ചാം സെമസ്റ്റർ ബി.എ/ബി.എസ്.സി/ബി.കോം/ബി.ബി.എ/ബി.സി.എ (കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് – 2013 അഡ്മിഷന് മുൻപ്) ഡിഗ്രി പരീക്ഷകളും യഥാക്രമം ഏപ്രിൽ 1, 3, 4 തീയതികളിൽ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 മാർച്ച് 25, 27 തീയതികളിൽ നടത്താനിരുന്ന അഞ്ചാം സെമസ്റ്റർ ബി.എ/ബി.എസ്.സി/ബി.കോം (സി.ബി.സി.എസ്.എസ് – 2013 അഡ്മിഷന് മുൻപ്) ഡിഗ്രി പരീക്ഷകൾ യഥാക്രമം ഏപ്രിൽ 1, 3 തീയതികളിൽ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

മാർച്ച് 26, 28 തീയതികളിൽ നടത്താനിരുന്ന രണ്ടാം സെമസ്റ്റർ എം.എഡ് (2015 സ്കീം & 2018 സ്കീം) ഡിഗ്രി പരീക്ഷകൾ ഏപ്രിൽ 4, 8 തീയതികളിൽ നടത്തുന്നതാണ്.

2019 മാർച്ച് 25, 27, 29 തീയതികളിൽ നടത്താനിരുന്ന നാലാം സെമസ്റ്റർ എം.എഡ് (2015 സ്കീം) ഡിഗ്രി പരീക്ഷകൾ ഏപ്രിൽ 3, 5, 9 തീയതികളിൽ നടത്തുന്നതാണ്.

2019 മാർച്ച് 25 മുതൽ ഏപ്രിൽ 1 വരെ നടത്താനിരുന്ന നാലാം സെമസ്റ്റർ യൂണിറ്ററി ത്രിവത്സര എൽ.എൽ.ബി പരീക്ഷകൾ ഏപ്രിൽ 3 മുതൽ 10 വരെ നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

## പരീക്ഷാഫലം

2018 ആഗസ്റ്റിൽ നടത്തിയ ഏഴാം സെമസ്റ്റർ ബി.ടെക് ഡിഗ്രി 2013 സ്കീം മെക്കാനിക്കൽ എഞ്ചിനീയറിംഗ് മെക്കാനിക്കൽ സ്ട്രീം - ഇൻഡസ്ട്രിയൽ. പ്രൊഡക്ഷൻ, ഓട്ടോമൊബൈയിൽ, എയ്റോനോട്ടിക്കൽ എഞ്ചിനീയറിംഗ് ബ്രാഞ്ചുകളുടെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി അപേക്ഷിക്കേണ്ട അവസാന തീയതി ഏപ്രിൽ 10. കരട് മാർക്ക് ലിസ്റ്റ് വൈബ്സൈറ്റിൽ.

## സമ്മർ ക്യാമ്പ്

സർവകലാശാല കാമ്പസ് അസോസിയേഷന്റെ നേതൃത്വത്തിൽ മൂന്നാം ക്ലാസ് മുതൽ പ്ലസ്ടു തലം വരെയുള്ള വിദ്യാർത്ഥികൾക്കായി ഒരുക്കിയിട്ടുള്ള INSPIRE 2019 സമ്മർ ക്യാമ്പിന്റെ ഈ വർഷത്തെ രജിസ്ട്രേഷൻ ആരംഭിച്ചു. കുട്ടികളുടെ ശാരീരികവും മാനസികവുമായ ഉന്നമനത്തിന് വിവിധ വിഷയങ്ങൾ കോർത്തിണക്കി പ്രഗത്ഭരായ അദ്ധ്യാപകർ നയിക്കുന്ന ക്യാമ്പ് ഏപ്രിൽ 2 മുതൽ മേയ് 25 വരെ സർവകലാശാല കാര്യവട്ടം നഴ്സറി സ്കൂൾ കാമ്പസിൽ വെച്ച് നടക്കും.

## സീറ്റൊഴിവ്

സെന്റർ ഫോർ അഡൽട്ട് കണ്ടിന്യൂയിങ് എഡ്യൂക്കേഷൻ യൂണിറ്റ് പാങ്ങോട് മന്നാനിയ കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസിൽ നടത്തുന്ന ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് സർട്ടിഫിക്കറ്റ് കോഴ്സിന്റെ ഏപ്രിൽ 15 മുതൽ ആരംഭിക്കുന്ന ബാച്ചിൽ ഏതാനും സീറ്റൊഴിവുണ്ട്. കോഴ്സ് ദൈർഘ്യം: ആറ് മാസം, ഫീസ്: 7500 രൂപ, യോഗ്യത: പ്ലസ്ടു, ക്ലാസ്: അവധി ദിവസങ്ങളിൽ ഉയർന്ന പ്രായപരിധി ഇല്ല. വിശദവിവരങ്ങൾക്ക്: 9048538210

തിരുവനന്തപുരം,
26-03-2019

പബ്ലിക് റിലേഷൻസ് ഓഫീസർ